**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 335** **05-12-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരികളുടെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ഭക്ഷ്യ-പൊതുവിതരണ വകുപ്പ് 2022 ഒക്ടോബർ, നവംബർ മാസങ്ങളിലേക്കുള്ള റേഷൻ ഫണ്ട് വെട്ടിക്കുറയ്ക്കുകയുണ്ടായോ; | (എ) | ഇല്ല. |
| (ബി) | എങ്കിൽ റേഷൻ ഫണ്ടിലെ തുക ഏതൊക്കെ ആവശ്യങ്ങൾക്കായിട്ടാണ് മാറ്റി വെച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | ഫണ്ട് വെട്ടിക്കുറച്ചതുമൂലം സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന തുകയുടെ 50 ശതമാനത്തിൽ താഴെയാകുന്ന സാഹചര്യം ഉണ്ടാകുമോ; എങ്കിൽ റേഷൻ വ്യാപാരികൾക്ക് നഷ്ടമാകുന്ന ബാക്കി കമ്മീഷൻ തുക എപ്പോൾ വിതരണം ചെയ്യാനാകുമെന്ന് വെളിപ്പെടുത്താമോ; | (സി) | ബാധകമല്ല. |
| (ഡി) | ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയപ്പോൾ റേഷൻ ക്രമക്കേട് തടയാൻ റേഷൻ വ്യാപാരികൾക്ക് ജീവിക്കാനാവശ്യമായ വേതനം നൽകണമെന്ന വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണോ മിനിമം വേതനം ഉറപ്പാക്കുന്ന രീതിയിലുള്ള കമ്മീഷൻ വ്യവസ്ഥ ഉണ്ടാക്കിയതെന്ന് അറിയിക്കാമോ; | (ഡി) | അതെ. |
| (ഇ) | കോവിഡ് കാലയളവിൽ ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തതിന്റെ കുടിശ്ശിക വ്യാപാരികൾക്ക് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുകയാണ് കുടിശ്ശികയുള്ളതെന്ന് വെളിപ്പെടുത്താമോ; | (ഇ) | അതിജീവനക്കിറ്റ് വിതരണം ഒരു സേവനമായിക്കണ്ട് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകേണ്ടതില്ല എന്നതാണ് സർക്കാർ നിലപാട്. എന്നാൽ റേഷൻവ്യാപാരികൾക്ക് കിറ്റ് വിതരണം ചെയ്ത വകയിൽ കൊടുക്കാമെന്നേറ്റ തുകയിൽ കുടിശ്ശിക ഉണ്ടെങ്കിൽ ആയത് നൽകണമെന്ന കോടതി ഉത്തരവ് പ്രകാരം , സർക്കാർ ഉത്തരവിലൂടെ റേഷൻ വ്യാപാരികൾക്ക് നൽകാമെന്നേറ്റ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. |
| (എഫ്) | കുടിശ്ശികയുള്ളപ്പോൾ വീണ്ടും കമ്മീഷൻ തുക | (എഫ്) | റേഷൻ വ്യാപാരികളുടെ കമ്മീഷൻ തുകയിൽ |

| | | | |
|---|---|---|---|
| | കുറയ്ക്കുന്നത് കെട്ടിട വാടക, വൈദ്യുതി ചാർജ്, സെയിൽസ്മാൻമാർക്കുള്ള വേതനം എന്നീ ചെലവുകൾക്ക് പോലും പണം കണ്ടെത്താൻ റേഷൻ കടക്കാർക്ക് കഴിയാത്ത സാഹചര്യമുണ്ടാക്കുമെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; | | കുറവ് വരുത്തിയിട്ടില്ല. പൊതുവിതരണ മേഖലയിൽ നിലവിൽ ഒരു പ്രതിസന്ധിയുമില്ല. |
| (ജി) | എങ്കിൽ റേഷൻ വ്യാപാരികളുടെ ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (ജി) | ക്ലോസ് (എഫ്) ന്റെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ